(ബി) എങ്കിൽ മയക്കുമരുന്ന് വ്യാപാരവും ഉപയോഗവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) മയക്കുമരുന്ന് വ്യാപാരവും ഉപയോഗവും തടയുന്നതിന് റെയ്ഡുകളും മറ്റും നടത്തി കുറ്റക്കാരെ കണ്ടുപിടിച്ച് നിയമനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കോഴിക്കോടു സിറ്റി പോലീസ് കമ്മീഷണറുടെ കീഴിൽ ഒരു ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിൽ നാർക്കോട്ടിക്സെല്ലും പ്രവർത്തിച്ചു വരുന്നു.

ക്രീമിലെയർ

(89) ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രീമിലെയർ സംബന്ധിച്ച സുപ്രീംകോടതിയിലുള്ള കേസ്സിന്റെ പുരോഗതിയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ക്രീമിലെയർ സംബന്ധിച്ച് സർക്കാർ നിലപാടെന്താണെന്ന് വെളിപ്പെടുത്താൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) സുപ്രീംകോടതി നിയമിച്ച ഹൈലെവൽ കമ്മിറ്റിയുടെ റിപ്പോർട്ടിൻമേലുള്ള വാദം 7.10.1999-ൽ പൂർത്തിയായി. വിധി പറയാനായി മാറ്റിവച്ചിരിക്കുകയാണ്.

(ബി) 1995-ലെ സംസ്ഥാന പിന്നോക്കവിഭാഗങ്ങൾ (സംസ്ഥാന സർവ്വീസിലെ നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യൽ) ആക്ടിന്റെ നിയമസാധുതയെ അനുകൂലിച്ചുള്ള വാദമുഖങ്ങൾ ഉൾക്കൊള്ളുന്ന കുറിപ്പ് സ്റ്റാൻഡിംഗ് കൗൺസിലിന് അയച്ചുകൊടുത്തിട്ടുണ്ട്.

ഫോറൻസിക് ലാബ് നിർമ്മാണം.

(90) ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റീജിയണൽ ഫോറൻസിക് ലാബ് തുടങ്ങുന്നതിന് എന്തു തുക ബഡ്ജറ്റിൽ നീക്കി വച്ചിരുന്നു;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ;

(സി) ലാബ് പ്രവർത്തനം ആരംഭിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്നേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ലാബ് ആരംഭിച്ചാൽ അവിടെ ഏതെല്ലാം ജീവനക്കാർ ആവശ്യമായി വരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(എഫ്) ഈ ലാബ് കൊണ്ട് എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) കോഴിക്കോട് റീജിയണൽ ഫോറൻസിക് ലാബ് തുടങ്ങുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. അതുകൊണ്ട് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. എന്നാൽ എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ റെയ്ഞ്ചുകളിൽ ഓരോ റീജിയണൽ ഫോറൻസിക് ലാബ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ പതിനൊന്നാം ധനകാര്യ കമ്മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൻമേൽ തീരുമാനം ആകുന്ന മുറയ്ക്ക് റീജിയണൽ ലാബുകളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഇ) പ്രൊപ്പോസലിൻമേൽ തീരുമാനമായതിനുശേഷം മാത്രമേ ഏതെല്ലാം ജീവനക്കാർ ആവശ്യമായി വരുമെന്ന് തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

(എഫ്) തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്കായി വരുന്ന 40% കേസ്സുകളും വടക്കൻ ജില്ലകളിൽ നിന്നുള്ളതാണ്. സംഭവസ്ഥലങ്ങൾ സന്ദർശിച്ച് നിരീക്ഷണം നടത്താൻ പരിശോധകർക്ക് തിരുവനന്തപുരത്തു നിന്നും വളരെ ദൂരം യാത്ര ചെയ്യേണ്ടതായി വരികയും ഇതുമൂലം കേസ്സുകളുടെ അന്വേഷണം പൂർത്തീകരിച്ച് ത്വരിതഗതിയിൽ തീർപ്പുകൽപ്പിക്കുവാൻ കാലതാമസം ഉണ്ടാകുന്നതു കൂടാതെ പരിശോധകർക്ക് യാത്രാബത്തയിനത്തിൽ നല്ലൊരു തുക നൽകേണ്ടതായും വരുന്നു. മാത്രമല്ല ഈ കാലവിളംബം കാരണം ലക്ഷ്യം വക തെളിവു സാധനങ്ങൾ കേടുപറ്റുന്നതിനും രൂപ-ഭാവ വ്യത്യാസം ഉണ്ടാകുന്നതിനും ഇടയാകുന്നു. ഇതുകാരണം ലക്ഷ്യം വക തെളിവു സാധനങ്ങൾ യഥാർത്ഥ രൂപത്തിൽ കണ്ടുപിടിക്കാനും പരിശോധിക്കാനും ചിലപ്പോൾ വേണ്ട വിധത്തിൽ ഫലം കിട്ടാനും ബുദ്ധിമുട്ടാകുന്നു. ആയതിനാൽ സംഭവ സ്ഥലത്തുനിന്ന് ബന്ധപ്പെട്ട മറ്റു സ്ഥലങ്ങളിൽ നിന്നും ലഭിക്കാവുന്ന, ശാസ്ത്രീയമായി വിദഗ്ദ്ധപരിശോധന നടത്തുവാൻ കഴിയുന്ന തെളിവുകളുടെ പൂർണ പ്രാധാന്യം തിട്ടപ്പെടുത്താൻ കഴിയാതെ വരുന്നു. ആയതിനാൽ റീജിയണൽ ഫോറൻസിക് ലാബുകൾ തുടങ്ങുകയാണെങ്കിൽ മേൽപ്പറഞ്ഞ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

അഡ്വക്കേറ്റ് ജനറൽ ആഫീസ് കമ്പ്യൂട്ടർവൽക്കരണം

(91) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അഡ്വ. ജനറലിന്റെ ആഫീസ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ ആദ്യമായി തീരുമാനിച്ചതെന്നാണ്; അതിന് എന്തു തുകയാണ് അനുവദിച്ചത്;

(ബി) ഇതിനുള്ള തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നുവോ; എങ്കിൽ ഏതു വർഷത്തെ ബഡ്ജറ്റിൽ; എന്തു തുക ഉൾക്കൊള്ളിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly